# പതിമൂന്നാം നിയമസഭ
## പതിനൊന്നാം സമ്മേളനം

**ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികളുടെ ബില്ലുകൾ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 6576 09.07.2014 ലെ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി ശ്രീ. കെ.എം.മാണി |
| *(എ)* നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്ന പ്രവൃത്തികളുടെ ബില്ലുകൾ പൊതുമരാമത്ത് വകുപ്പിന്റെ പൊതുസീനിയോറിറ്റി സംവിധാനത്തിൽ ഉൾപ്പെടുത്തിയത് കരാറുകാരെ ബുദ്ധിമുട്ടിലാക്കിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>*(ബി)* ഇത് കെട്ടിടങ്ങളുടെയും മറ്റും നിർമ്മാണം ഏറ്റെടുക്കുന്നതിൽ നിന്നും കരാറുകാർ പിൻമാറുന്നതിന് ഇടയാക്കുന്നതായി അറിയാമോ;<br><br>*(സി)* ആസ്തിവികസന ഫണ്ട് പ്രകാരമുള്ള ബില്ലുകൾ പ്രത്യേകമായി പരിഗണിക്കുവാൻ ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ? | ദീർഘകാലം നിലനിൽക്കുന്ന മൂലധന സ്വഭാവമുള്ള ആസ്തി സൃഷ്ടിക്കാനാണ് നിയോജക മണ്ഡല ആസ്തി വികസന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പൊതുമരാമത്ത് പ്രവൃത്തികളുടെ എല്ലാ നിയമങ്ങളും നിബന്ധനകളും പദ്ധതിയ്ക്ക് ബാധകമാണ്. അതുകൊണ്ട് ആസ്തിവികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ബില്ലുകൾ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശം പാലിച്ച് മറ്റു മരാമത്ത് പണികളുടെ ബില്ലുകൾക്ക് ബാധകമായ വ്യവസ്ഥകൾക്ക് അനുസൃതമായി മുൻഗണനാ ക്രമത്തിലാണ് മാറി നൽകുന്നത്. ആസ്തി വികസന പദ്ധതികളുടെ ബില്ലുകൾക്കു പ്രത്യേക പരിഗണന നൽകുന്നത് ബഹു: ഹൈക്കോടതി ഉത്തരവിന്റെ ലംഘനമായി തീരും. ഈ പ്രവൃത്തികൾക്കുമാത്രമായി പ്രത്യേക സംവിധാനം സൃഷ്ടിക്കുന്നതിന് അതിനാൽ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ